കേരള കാർഷിക സർവ്വകലാശാല
**മേഖലാ കാർഷിക ഗവേഷണ കേന്ദ്രം**
അമ്പലവയൽ, വയനാട്, ഫോൺ: 04936 260421 & 260561
GST No. 32AAAGR0087B2ZS

നമ്പർ. ഇ 4773/2023 തീയതി. 08.11.2023

**ടെൻഡർ നോട്ടീസ്**

ഈ കേന്ദ്രത്തിൽ വെച്ച് നടത്ത്പ്പെടുന്ന അന്താരാഷ്ട്ര പുഷ്പഫല പ്രദർശനമേള **'പൂപ്പൊലി 2024'** നോടനുബന്ധിച്ച് ഫാമിലെ വിവിധ തരത്തിലുള്ള കെട്ടിടങ്ങൾ, ടോയ് ലെറ്റുകളുടെ നവീകരണം, റോഡുകളിലെ കോൺക്രീറ്റിംഗ്, ഗസ്റ്റ് ഹൗസ് നവീകരണം, എക്സിബിഷൻ സെന്ററിന്റെ നിലം കോൺക്രീറ്റിംഗ്, ചെറുകിട നിർമ്മിതികൾ, മറ്റു ജോലികൾ എന്നിവയ്ക്കാവശ്യമായ സിമന്റ് (BIS അംഗീകാരം ഉള്ളത്) ടെൻഡർ അടിസ്ഥാനത്തിൽ ഈ കേന്ദ്രത്തിൽ വിതരണം ചെയ്ത് തരുവാൻ **GST രജിസ്ട്രേഷനുള്ള** സ്ഥാപനങ്ങളിൽ നിന്നും മുദ്രവെച്ച ടെൻഡറുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ടെൻഡർ നമ്പർ | ഇ. 4773 /2023 |
| ടെൻഡറുകൾ ലഭിക്കേണ്ട അവസാന തീയതിയും സമയവും | **22.11 .2023 11.00 am** |
| ടെൻഡറുകൾ തുറക്കുന്ന തീയതിയും, സമയവും | **22.11.2023 11.30 am** |
| നിരത ദ്രവ്യം (EMD) | 2000/- ( ഡിഡി/ചെക്ക്) |
| ടെൻഡർ വില | 472/- (Rs.400 +18% GST =72) |
| ടെൻഡർ കാലാവധി | ടെൻഡർ **തീയതി മുതൽ 3 മാസം** |
| ടെൻഡർ ലഭിക്കേണ്ട മേൽവിലാസം | അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്<br>പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം<br>അമ്പലവയൽ, വയനാട്,<br>പിൻകോഡ്-673 593 |
| മേലെഴുത്ത്: സിമന്റ് വിതരണം ചെയ്ത് തരുന്നതിനുള്ള ടെൻഡർ | |

**നിബന്ധനകൾ**

- വിവിധ തരത്തിലുള്ള സിമന്റുകൾക്ക് ഒരു ചാക്കിനുള്ള വിലയാണ് ടെൻഡറിൽ കാണിക്കേണ്ടതാണ്
- പല കമ്പനികളുടെ സിമന്റ് ഉണ്ടെങ്കിൽ ഓരോന്നിന്റെയും നിരക്ക് കാണിക്കേണ്ടതാണ്
- ഈ കേന്ദ്രത്തിലെത്തിക്കുന്നതിനാവശ്യമായ കയറ്റിറക്കുകൂലി നികുതി ഉൾപ്പെടെ ഒരുചാക്ക് സിമന്റിന്റെ നിരക്കാണ് (തൂക്കവും രേഖപ്പെടുത്തണം) ക്വട്ടേഷനിൽ കാണിക്കേണ്ടത്.
- ടെൻഡർ അംഗീകരിച്ച തീയതി മുതൽ **3 മാസത്തേക്ക്** അംഗീകരിച്ച നിരക്ക് മാറ്റുന്നതല്ല.
- ടെൻഡർ കാലയളവിൽ കൂടുതൽ സിമന്റ് ആവശ്യമായി വരുന്ന പക്ഷം ആയത് നൽകുവാൻ ടെൻഡർ ലഭിച്ചവർ ബാധ്യസ്ഥരായിരിക്കും
- ടെൻഡർ സമർപ്പിക്കുന്ന വ്യക്തിയുടെ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് നിർബന്ധമായും ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്

(മറുപുറം)

RP

മറ്റു നിബന്ധനകൾ

- നിശ്ചിത സമയത്തിനുശേഷം ലഭിയ്ക്കുന്ന **ടെൻഡറുകൾ** പരിഗണിയ്ക്കുന്നതല്ല.
- **കാർഷിക സർവകലാശാലയുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന നിർദ്ദിഷ്ട ഫോറത്തിൽ, 200/- രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി സഹിതം ആണ് ടെൻഡർ സമപ്പിക്കേണ്ടത്.**
- ടെൻഡർ വില ഓഫീസിൽ പണമായും, നിരതദ്രവ്യം അംഗീകൃത ബാങ്കുകളുടെ ,**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**, പ്രാദേശിക **കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ, വയനാടിന്റെ പേരിൽ SBI കൊളഗപ്പാറ** ബ്രാഞ്ചിൽ മാറാൻ കഴിയുന്ന ഡ്രാഫ്റ്റായോ, ചെക്കായോ ടെൻഡറുകൾക്കൊപ്പം സമർപ്പിക്കാം
- ടെൻഡർ സമർപ്പിച്ചവർക്ക് ഒരിക്കൽ കൂടി അവസരം ലഭിക്കുന്നതിന് അപ്പോൾ ഹാജരുള്ള ടെൻഡർകാരെ മാത്രം ഉൾപ്പെടുത്തി ടെൻഡർ തുറക്കുന്നതിന് മുൻപ് അന്നേദിവസം ആവശ്യ മെങ്കിൽ ലേലം നടത്തുന്നതാണ്.
- എറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ തൃപ്തികരമെങ്കിൽ സ്വീകരിക്കുന്നതാണ്.
- യാതൊരു കാരണവും കാണിക്കാതെ തന്നെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെൻഡർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഈ ഓഫീസിലെ മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.
- ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി, ഈ ഓഫീസിൽ നിന്നുള്ള ഓർഡർ അനുസരിച്ച് സമയബന്ധിതമായി സിമന്റ് വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം നിരതദ്രവ്യം സർവകലാശാലയ്ക്ക് മുതൽകൂട്ടാവുന്നതും തക്കതായ മറ്റ് നടപടികൾ സ്വീകരിക്കുന്നതുമാണ്.
- സർക്കാർ ടെൻഡറിലെ എല്ലാ നിബന്ധനകളും ഈ ടെൻഡറിനും ബാധകമാണ്.
- ടെൻഡർ ദിവസം അവധി പ്രഖ്യാപിക്കുകയോ പൊതുജനങ്ങൾക്ക് യാത്രാ തടസ്സം ഉണ്ടാകുകയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിനത്തിൽ രാവിലെ 11.30 മണിക്ക് ടെൻഡർ തുറക്കുന്നതാണ്.
- കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിനങ്ങളിൽ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്.

(ഒപ്പ്)/-
**അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്**

പകർപ്പ്:-വിതരണത്തിന്-

1. ഡോ. രാജൻ വി.പി, അസിസ്റ്റന്റ് പ്രൊഫസർ
2. അമ്പലവയൽ ഗ്രാമപഞ്ചായത്ത്
3. അമ്പലവയൽ വില്ലേജ് ഓഫീസ്
4. കെ.വി.കെ അമ്പലവയൽ
5. അമ്പലവയൽ കൃഷിഭവൻ
6. കെ.എ.യു വെബ് സൈറ്റ്
7. നോട്ടീസ്ബോർഡ്

RP